Talented Bankers Literary Panel
പുസ്തക പരിചയം 237

പരിചയപ്പെടുത്തുന്നത്,
സുരേഷ് നാരായണൻ,
ധനലക്ഷ്മി ബാങ്ക്
മട്ടാഞ്ചേരി ശാഖ.

പൊള്ള (കവിതാ സമാഹാരം)
വി എം അരവിന്ദാക്ഷൻ

പൊള്ള'യാം വിരിപ്പിട്ട കവിതയിൽ തലവെച്ചും

വി എം. അരവിന്ദാക്ഷൻ മാഷിന്റെ
പ്രഥമ കവിതാ സമാഹാരമാണ് ലോഗോസ് പ്രസിദ്ധീകരിച്ച 'പൊള്ള'.
ചെറുതും വലുതുമായി 58 വളപ്പൊട്ടുകൾ ഉണ്ട് ഇതിൽ.

'കരിങ്കൂരിരുളിൽ ഓട്ടുരുളിയായ് മിന്നിയത് വയറു കത്തിച്ച
തീയായിരുന്നേന്നേ'
എന്നു പാടിക്കൊണ്ട് ആദ്യപേജിൽ തന്നെ ഞെട്ടിക്കുന്നുണ്ട് മാഷ്.

പക്ഷേ തുടർന്ന് വളരാൻ അനുവദിക്കാതെ കവിതയെ ഹാ!
പിഴുതെറിയുന്നു. പലപ്പോഴും കാണാം രണ്ടു 'സ്റ്റാൻസ'കൾക്കപ്പുറം
കത്തിയെടുത്ത് ഇറങ്ങുന്ന മാഷിനെ.

വെളിച്ചത്തെപ്പറ്റി പറയുന്നവരുടെ, പാടുന്നവരുടെ മുടിയഴിച്ചിട്ട്
'ഭ്രാന്തിയേ' എന്ന് വിളിക്കുന്നവരുടെ ലോകത്തെ അനാവരണം ചെയ്യുന്നു
'വെളിച്ചമേ..' എന്ന കവിത

'വിണ്ടു കീറിയ ഒരു ചോദ്യച്ചിഹ്ന'ത്തിൽ ആകട്ടെ, മരച്ചില്ലകൾ
മരണച്ചില്ലകൾ ആകുന്നു.
'വയലിൽ തുന്നിക്കൂട്ടിയ ഒരു ചെരിപ്പിൽ ചോരക്കറ കറുത്ത
ചരിത്രമെഴുതുന്നു.'

കരിപിടിച്ച ഏതോ കോണിൽ ഇരിക്കുന്ന തീപ്പട്ടിക്കൂടു വരെ മാഷിനു
കവിതയെഴുതാനുള്ള കരിമരുന്ന് ദാനം ചെയ്യുന്നുണ്ട്.
(കവിത: 'ഉറക്കം')

ഉതിർക്കുമ്പോൾ ഉദിക്കുകയാണ് എന്ന്
സർവീസ് റോഡിലേക്ക് തിരിഞ്ഞുകൊണ്ട് ചൊല്ക്കവിതയുടെ
ദീർഘശ്വാസം എടുക്കുന്നുണ്ട് ഇരുപത്തിയഞ്ചാം പേജിൽ 'ആർക്കുനേർ'.

തുടർന്നുള്ള 'പുറത്തിൽ പുതിയ ഒരു വല്ലായ്മയെ പരിചയപ്പെടുത്തുന്നു.

'ഞാൻ കാണും പുറമെല്ലാം
എൻ പുറമല്ലായ്കയാൽ
എൻ പുറം കണ്ടീടുവാൻ
തിരിയാൻ തുടങ്ങി ഞാൻ'
എന്ന് കുഞ്ഞുണ്ണി മാഷിനെ ആവാഹിക്കുന്നു.

'പൊള്ള' എന്ന കവിതയാണ് പുറകെ വരുന്നത്. 'വിരുദ്ധ പരിണാമത്തിന്റെ' കവിതയാണത് . 'മനുഷ്യനുണ്ടാക്കിയ കുറുക്കൻ കഥകളുടെ പൊള്ളത്തരങ്ങൾ മനസ്സിലായത് അവരിലൊരാൾ ആയപ്പോഴാണ്' എന്ന് മലയിറങ്ങാൻ മടിച്ചയാൾ . .. അയാൾക്ക് എങ്ങനെയാണ് പിന്നെ മലയിറങ്ങാൻ തോന്നുക?
അയാൾ താഴേക്ക് ചോദ്യചിഹ്നങ്ങൾ എറിഞ്ഞു കൊണ്ടേയിരിക്കുന്നു.

കഴുതപ്പുലി നായകകഥാപാത്രമായ 'കൊനഷ്ട്' വായിച്ചപ്പോൾ അറിയാതെ എഴുതിപ്പോയി;
'അവസാനിക്കാത്ത ഒരു തുരങ്കമാണ് കഴുതപ്പുലിയുടെ ഹൃദയം'.

ലളിതമായ ഒറ്റപ്പേരുകളാണ്
മിക്ക കവിതകൾക്കും:
ഒറ്റ്.. വിത്ത്.. ലൈക്ക്. പേമാരി.. ഭയം... മുറ.. ഒടുവിൽ. ..അങ്ങനെ അങ്ങനെ

ചതി വിളയുന്ന വയലിൻറെ കഥയാണ് 'ഒറ്റ്'.
അത് വായിക്കുമ്പോൾ
പൂണൂൽ പോലതിനെ ചുറ്റിയൊഴുകുന്ന കറുത്ത നദിയെ നമ്മൾ കാണുന്നു; ആയിരം മുറിവുകളുടെ നദി.

'വിത്ത്' പാനം ചെയ്കപ്പോളാകട്ടെ,
എല്ലാം അറിയുന്നൊരുവനുണ്ട്;
ഉടലു പൊട്ടിപ്പിളർന്ന വിത്ത്
ഉയിരു കടഞ്ഞു കൊടുത്ത വിത്ത്' എന്നൊന്ന്
മറിച്ചിടാമായിരുന്നു എന്നു തോന്നി.

ചിറകു മുളച്ച ഒരു കവിതയാണ് 'ഒറ്റമരം' എങ്കിൽ ഓഡിയോ ആവിഷ്കാരം ചെയ്യാൻ പറ്റിയ ഒന്നായിരുന്നു 'മഴത്തുള്ളി'.
പക്ഷേ ആദ്യ കവിതയോട് കവി ചെയ്ത മഴുപ്രയോഗം ഇവിടെയും ആവർത്തിക്കുന്നു.

കുറച്ചു പേജുകൾ അലസമായി മറിച്ച് നമ്മൾ 'ത്രോൺ ഔട്ടി'ൽ എത്തുന്നു.
കാലടി മണ്ണല്ല ,കാലടികളെ
ഉന്മൂലനലക്ഷ്യമായ് പുനർനിർണയിക്കുന്ന വർക്കുള്ള കവിതയാണിത്.

മൂന്നു നല്ല കവിതകൾ തുടർപ്പേജുകളിൽ നമ്മെ കാത്തിരിക്കുന്നുണ്ട്:
'ഇട്ടേച്ചു പോവുന്നത്' എന്ന കവിതയിൽ അപൂർവ്വമായ ഒരു മുഴക്കം കേൾക്കാം, 'ഒഴുകുന്ന കാലത്തിനു മുന്നിൽ
ഞാൻ ഒരു പച്ചില ഇട്ടേച്ചു പോവുകയാണ് എൻറെ മകളെ അല്ല നിങ്ങളുടെ മകളെ..' എന്ന വരികളിൽ ചെവിയോർക്കുമ്പോൾ. വെച്ചുമാറ്റം കൊതിക്കുന്ന ആൺചുവ
ഒരു കൈയ്പ്പായ് പടയിരുന്നുണ്ടിവിടെ.

'മുറിവേറ്റവൻറെ കുറിപ്പുകളിലെ'
'സാഡിസ്റ്റ് സഹോദരന്മാരുടെ കൺപോളകൾ ഇപ്പോഴും അടയാതെ തന്നെ ഇരിക്കുന്നു' എന്ന വരികളിൽ
നെറ്റിപ്പട്ടമണിഞ്ഞ വിരുദ്ധോക്തികളെ കാണാം. കഞ്ചുകം പോലെ ഒട്ടിച്ചേർന്നു പോയവ.
തുടർന്നുവരുന്ന 'ചിരം' ആകട്ടെ
വിഷകാഹളത്തിൻറെ ധ്വനി സമ്മാനിക്കുന്നു.

*വിരിയാത്ത മുട്ട*

'സെൻസിബിലിറ്റി'യും 'മഴത്തുള്ളിയും' കടന്ന് 'ദുര്യോഗ'ത്തിൽ എത്തുമ്പോഴും
മുറിച്ചുമാറ്റാനുള്ള വ്യഗ്രത
കവിയെ വിടാതെ പിന്തുടരുന്നു.
എല്ലാം മുട്ടകൾ; ഭംഗിയുള്ള മുട്ടകൾ! പക്ഷേ
വിരിയുന്നില്ലല്ലോ!
വിരിയിക്കുന്നില്ലല്ലോ !

അച്ഛൻ കവിതയായ 'വിതുമ്പലിൽ',
വേദനകളെ നാലും കൂട്ടി മുറുക്കി എന്നു മൊഴി മാറ്റിയിരുന്നെങ്കിൽ കുറേക്കൂടി അനുഭവവേദ്യം ആകുമായിരുന്നു എന്നും തോന്നി.

*തുള്ളിക്കവിത*

'ചരിക്കുന്ന വഴികൾ പലത് എങ്കിലും
നാം ഒടുവിലെത്തീടുന്നത് ഒന്നിൽ മാത്രം' എന്ന ഒരു തുള്ളിക്കവിതയുണ്ട് . പേരുപോലെ തന്നെ ഇത് അവസാന കവിതയായി കൊടുക്കാമായിരുന്നു.

*ഡേർട്ടി പിക്ചർ*

കാലം തിരിഞ്ഞുനോക്കാത്ത മുറിവുകളുടെ കവിതയായ്
'വീട്ടാക്കടം'. ഒരപൂർവ്വ ബലിതർപ്പണമായി ഉദിച്ചുയർന്ന 'ആത്മബലി' ; നല്ല കവിതകളെങ്കിലും ഇവ രണ്ടും 'ഡേർട്ടി പിക്ചറിന്' മുൻപിൽ നിഷ്പ്രഭമായി പോകുന്നു.

മാംസ ദാഹത്തെ ശമിപ്പിക്കാൻ
ഹിപ്പോക്രസിയിൽ മുക്കിയെടുത്ത സുവിശേഷ കഷണങ്ങൾ ഒട്ടുംതന്നെ
മതിയാവില്ല എന്ന് കാട്ടിത്തരുന്നു
ഈ കവിത.

*ടേക്ക് ഓഫ്*

സാർവ്വലൗകികമായ ഒരു തലത്തിലേക്ക് ടേക്ക് ഓഫ് ചെയ്യുന്നു പൊള്ള
അതിൻറെ എഴുപത്തിരണ്ടാം പേജിൻറെ റൺവേയിൽ.

'ഇരുണ്ട ആത്മാവിൽ തങ്ങിയ അനുസരണശീലത്തിൻറെ മുഖാവരണം
വലിച്ചു ചീന്താൻ അവനുണ്ടായിരുന്നു.
നനഞ്ഞ കാലുകളിലെ മൂത്രം കഴുകിക്കളയാൻ പോലും ഭയന്ന നിൻറെ
ജനതയ്ക്ക് കാവലായവൻ'
എന്ന് 'ഒഗോണി'യിൽ കവി
ചരിത്രാധ്യാപകൻറെ മേലങ്കി അണിയുന്നു. ചുവന്ന ചോക്കെടുക്കുന്നു;
തോക്കെടുത്തവരുടെ കഥ പറയുന്നു.

ഒരു ദുർഗ്രഹതകളും ഇല്ലാതെ
അനുവാചകന്
തുടർച്ചയായ് സംവദിച്ചുപോകാവുന്ന കവിതകളുടെ കൂടാരം.

പ്രസാധകർ : ലോഗോസ്
വില : Rs.120/-